ചെയ്ത് അന്വേഷണം നടത്തി വരികയാണ്. അറസ്റ്റു ചെയ്ത് കോടതിയിൽ ഹാജരാക്കിയ 8 പ്രതികളെ റിമാന്റു ചെയ്തിട്ടുണ്ട്. മറ്റു പ്രതികളെക്കൂടി തിരിച്ചറിഞ്ഞ്, അറസ്റ്റു ചെയ്ത് നടപടി ത്വരിതപ്പെടുത്താൻ തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്ക് നിർദ്ദേശം നല്കിയിരിക്കുകയാണ്.

(4) ബാങ്ക് ജീവനക്കാരുടെ പണിമുടക്ക്

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, അഖിലേന്ത്യാ വ്യാപകമായി ബാങ്ക് ജീവനക്കാർ ഇന്ന് പണിമുടക്കുകയാണ്. 1969-ൽ രാജ്യത്തിന്റെ നന്മയ്ക്കും ശ്രേയസ്സിനും വേണ്ടി 14 ബാങ്കുകൾ ദേശസാൽക്കരിച്ചുകൊണ്ട് തീരുമാനം എടുത്തു എങ്കിൽ ഇന്നത്തെ ബി.ജെ.പി. ഗവൺമെന്റ് ബാങ്കുകളെ വീണ്ടും സ്വകാര്യവല്ക്കരിക്കുന്നതിനു വേണ്ടിയുള്ള പരിശ്രമത്തിലാണ്. അതിനുവേണ്ടിയുള്ള നിയമനിർമ്മാണവും നടന്നുകൊണ്ടിരിക്കുകയാണ്. ഇതിനെതിരെ അഖിലേന്ത്യാ വ്യാപകമായി ഇന്ന് ബാങ്ക് ജീവനക്കാർ നടത്തുന്ന പണിമുടക്കിനോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും, സ്വകാര്യവല്ക്കരിക്കാനുള്ള ഈ തീരുമാനത്തിൽ നിന്ന് കേന്ദ്ര ഗവൺമെന്റ് പിന്മാറണമെന്ന് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെടുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, 1969-ലാണ് ഇന്ത്യയിൽ പ്രവർത്തിച്ച 14 ബാങ്കുകൾ ആദ്യമായി ദേശസാൽക്കരിക്കപ്പെട്ടത്. അന്ന് ഞാനും ലോക്സഭയിൽ ഉണ്ടായിരുന്നു. തുടർന്ന് പലപ്പോഴായി വിവിധ ബാങ്കുകൾ ദേശസാൽക്കരിച്ചു. ദേശസാൽക്കരിക്കുന്നതിനു മുമ്പ് ഇന്ത്യയുടെ ബാങ്കിംഗ് മേഖല സ്വകാര്യ ബാങ്കുകളുടെ പരിപൂർണ്ണ നേതൃത്വത്തിലായിരുന്നു. ഇന്ത്യൻ ജനതയിൽ നിന്ന് ബാങ്കുകൾ ശേഖരിക്കുന്ന ആയിരക്കണക്കിന് കോടി രൂപയുടെ സമ്പാദ്യം രാജ്യത്തിന്റെ പൊതുവായ വികസനത്തിന്, പ്രത്യേകിച്ച് ദുർബ്ബല വിഭാഗങ്ങളുടെ ഉന്നമനത്തിനു വേണ്ടി ചെലവഴിക്കുക എന്ന് ഉറപ്പു വരുത്തുന്നതിനു വേണ്ടിയാണ് ഇന്ത്യയിലെ ബാങ്കുകൾ ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൽ ദേശസാൽക്കരിക്കപ്പെട്ടത്. ഞങ്ങളൊക്കെ അന്ന് പിന്തുണ നല്കിയതും ആയിരുന്നു. ദേശസാൽക്കരണത്തിനു ശേഷം ഇന്ത്യയിലെ പൊതുമേഖലാ ബാങ്കുകൾക്ക് അഭൂതപൂർവ്വമായ വളർച്ചയാണ് ഉണ്ടായത്. 1969-ൽ ഇന്ത്യയിൽ 65,000 പേർക്ക് ഒരു ബാങ്ക് ശാഖയെന്ന നിരക്ക് 1999 ആയപ്പോഴേക്കും 15,000 പേർക്ക് ഒരു ബാങ്കുശാഖ എന്ന തോതിൽ വികസിക്കുകയുണ്ടായി. ദേശസാൽക്കരണത്തിനു മുമ്പുണ്ടായിരുന്ന മൊത്തം 8321 ബാങ്കുശാഖകളിൽ കേവലം 23% ശാഖകൾ മാത്രമാണ് ഗ്രാമീണ മേഖലയിൽ പ്രവർത്തിച്ചിരുന്നത്., എന്നാൽ 1997 ൽ ഇന്ത്യയിലെ മൊത്തം ബാങ്കുശാഖകളുടെ എണ്ണം 64,116 ആയി ഉയർന്നു. ഇതിൽ 50% ബാങ്കുശാഖകളും പ്രവർത്തിക്കുന്നത് ഗ്രാമീണ മേഖലയിലാണ്. ഇന്ന് ഈ ശാഖകളുടെ എണ്ണം 66,000 ആയി ഉയർന്നിട്ടുണ്ട്. ഏകദേശം 12 ലക്ഷം പേർ ഇവിടെ നേരിട്ട് തൊഴിൽ ചെയ്യുകയാണ്. ഇപ്പോൾ ദേശസാൽകൃത ബാങ്കുകളിലെ മൊത്തം നിക്ഷേപത്തിന്റെ 51% കേന്ദ്രസർക്കാരിന്റേതാണ്. ഇത് 33% ആയി കുറവു ചെയ്ത് സ്വകാര്യവൽക്കരിക്കുന്നതിനെതിരായിട്ടാണ് ബാങ്ക് ജീവനക്കാർ ഡിസംബർ 21-ന്, ഇന്ന് അഖിലേന്ത്യാവ്യാപകമായി പണിമുടക്കിന് ആഹ്വാനം ചെയ്തിരിക്കുന്നത്. ഒരു വികസര രാഷ്ട്രമായ ഇന്ത്യയിലെ കോടിക്കണക്കിന് ജനങ്ങളുടെ സാമൂഹിക-സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഇന്ത്യയിലെ പൊതുമേഖലാ ബാങ്കുകൾ സ്വകാര്യവ

LIBRARY ARCHIVES Kerala Legislative Assembly

ല്ക്കരിക്കാനുള്ള നീക്കം രാജ്യത്തിന്റെ സമ്പദ്ഘടനയേയും വികസനത്തേയും ഏറെ പ്രതികൂലമായി ബാധിക്കും. ദേശസാൽകൃത ബാങ്കുകൾ സ്വകാര്യവ ല്ക്കരിക്കുന്നതിനെതിരായി 21.12.2000 ത്തിന് അഖിലേന്ത്യാ വ്യാപകമായി ബാങ്ക് ജീവനക്കാർ നടത്തുന്ന പണിമുടക്കിന് ആധാരമായ സ്വകാര്യവല്ക്ക രണ നടപടികളിൽ നിന്നും കേന്ദ്രസർക്കാർ പിന്മാറണമെന്ന് അഭ്യർത്ഥിക്കുക യാണ് ഞാൻ ചെയ്യുന്നത്.

മി. സ്പീക്കർ : ശ്രീ തിരുവഞ്ചൂരിന്റെ സബ്മിഷനുള്ള മറുപടി കിട്ടിയി ട്ടില്ല. ശ്രീ. തിരുവഞ്ചൂരും, ശ്രീ. എഴുകോൺ നാരായണനും എഴുതി തന്നത് ഞാൻ മുഖ്യമന്ത്രിക്ക് കൊടുത്തു. ഇന്നു രാവിലെ മറുപടി കിട്ടിയിട്ടില്ല.

(ബഹളം..... ബഹളം.....)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : വളരെ പ്രധാനപ്പെട്ട വിഷയമാണ്. അടൂരിൽ ഒരു വ്യാപാരസ്ഥാപനത്തിനു നേരെ നടന്ന ആക്രമണത്തിന്റെ കാര്യമാണ്. ഇന്നലത്തന്നെ ഞാൻ ആവശ്യപ്പെട്ട കാര്യമാണ്.

മി. സ്പീക്കർ : നിങ്ങൾ ഒരു അടിയന്തിര പ്രമേയം ആയിട്ട് ഉന്നയി ക്കാത്തതെന്താ?

(ബഹളം..... ബഹളം.....)

ഉള്ള വസ്തുത ഞാൻ പറഞ്ഞല്ലോ, ഒരു വഴക്കു വേണ്ട.

(ബഹളം..... ബഹളം.....)

കാര്യം മനസ്സിലായി, ഇന്നു രാവിലെ തന്നതാണ് നോട്ടീസ്. ഇന്നു രാവിലെ എന്നു പറഞ്ഞാൽ എട്ടു മണിക്കു ശേഷം, അതിനു ശേഷം മുഖ്യമ ന്ത്രിക്കു കൊടുത്തു. മറുപടി പറയണമെന്ന് ഇൻസിസ്റ്റ് ചെയ്യാൻ പറ്റില്ല. നേരേമറിച്ച് അടിയന്തിര പ്രമേയത്തിനാണെങ്കിൽ മറുപടി കിട്ടും. അങ്ങനെ യൊന്നും പറയാൻ പാടില്ല

(ബഹളം..... ബഹളം.....)

(സബ്മിഷൻ അവതരിപ്പിക്കാൻ അനുമതി നൽകാത്തതിൽ പ്രതിഷേ ധിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സഭയ്ക്കു പുറത്തു നിരാഹാര സത്യാഗ്രഹമനുഷ്ഠിക്കുന്ന പ്രതിപക്ഷ എം.എൽ.എ.മാരോടൊപ്പം സഭാനടപ ടികൾ തീരുന്നതുവരെ സത്യാഗ്രഹമനുഷ്ഠിക്കാൻ പോകുന്നു എന്ന് പ്രഖ്യാ പിച്ചുകൊണ്ട് സഭയ്ക്കു പുറത്തു പോവുകയും സത്യാഗ്രമനുഷ്ഠിക്കുകയും ചെയ്തു.)

V. നിയമസഭാനടപടി ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

ഉദാരവല്ക്കരണം മൂലം സംസ്ഥാനത്തെ കാർഷികമേഖല നേരിടുന്ന പ്രതിസന്ധി

കൃഷിവകുപ്പു മന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, വ്യാപാര ഉദാരവല്ക്കരണ കരാറുകളുടെ അടിസ്ഥാനത്തിൽ 1991 മുതൽ കേന്ദ്ര സർക്കാർ നടപ്പിലാക്കിവരുന്ന വിവേചനരഹിതമായ ഇറക്കുമതി നയം

LIBRARY ARCHIVES Kerala Legislative Assembly